8 (8) വാർഷിക പദ്ധതിയിലെ വിവിധ ടാർജറ്റുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വാർഷിക പദ്ധതിയുടെ കീ സെക്ടറിലെ ഫിസിക്കൽ ടാർജറ്റും ഫൈനാൻഷ്യൽ ടാർജറ്റും എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഓരോ വർഷങ്ങളിലും ഇത് എത്ര ശതമാനം വീതം നേടാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം (എ)യിൽ കൊടുത്തിരിക്കുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധം (ബി)യിൽ കൊടുത്തിരിക്കുന്നു.

9 (9) വാർഷിക പദ്ധതി

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും വാർഷിക പദ്ധതിയ്ക്കുവേണ്ടി നീക്കിവച്ചിരുന്ന തുക എത്രവീതമായിരുന്നു;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും മുൻ വർഷത്തേക്കാൾ എത്രശതമാനം തുക വീതം കൂടുതലായി നീക്കിവച്ചിരുന്നു;

(സി) ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി എന്തു തുക വീതം ചെലവഴിച്ചു;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാർഷിക പദ്ധതിക്കുവേണ്ടി ഓരോ വർഷവും എന്തു തുക വീതം നീക്കിവച്ചിരുന്നു;

(ഇ) ഓരോ വർഷവും മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം തുകവീതം അധികം നീക്കിവച്ചിട്ടുണ്ടായിരുന്നു എന്നറിയിക്കുമോ;

(എഫ്)ഓരോ വർഷവും പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകയിൽ എന്തു തുകവീതം ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) വിശദാംശങ്ങൾ അനുബന്ധം (1)ൽ കൊടുത്തിരിക്കുന്നു.[+]

(ഡി)-(എഫ്) വിശദാംശങ്ങൾ അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.[*]

10 (10) 1998-99-ലെ വാർഷിക പദ്ധതി

ശ്രീമതി റോസമ്മ ചാക്കോ :

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

[*] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

[*] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly